**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.T 708** **04/02/2020 ൽ മറുപടിക്ക്**

**ശബരിമല ഭരണനിർവ്വഹണത്തിന് പ്രത്യേക നിയമം**

**ചോദ്യം** **മറുപടി**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** **കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സുപ്രീം കോടതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ശബരിമല ഭരണനിർവ്വഹണത്തിനായി ഒരു പ്രത്യേക നിയമം കൊണ്ടുവരുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല |
| (ബി) | ശബരിമല വികസനത്തിനായി ഹൈക്കോടതി നിയമിച്ച ഒരു ഹൈപവർ കമ്മിറ്റി നിലവിലുള്ളപ്പോൾതന്നെ ശബരിമല ഒരു പ്രത്യേക അധികാര കേന്ദ്രത്തിന് കീഴിൽ വരുന്ന രീതിയിൽ ഒരു നിയമം കൊണ്ടുവരുന്നത് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ തകർക്കുന്ന നടപടിയാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശബരിമല ഒരു പ്രത്യേക അധികാര കേന്ദ്രത്തിനു കീഴിൽ വരുന്ന രീതിയിൽ ഒരു നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലില്ല. |
| (സി) | 1950 ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമത്തിലെ അടിസ്ഥാന വ്യവസ്ഥകൾ മാറ്റുന്നതിനുമുമ്പ് അത് കവനന്റിന് എതിരാണോയെന്നും കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ടോയെന്നും പരിശോധിച്ചിട്ടുണ്ടോ; | (സി) | 1950-ലെ ആക്റ്റിലെ അടിസ്ഥാന വ്യവസ്ഥകളൊന്നും മാറ്റുന്ന കാര്യം പരിശോധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ശബരിമല പ്രത്യേക നിയമത്തിന് കീഴിലാക്കിയാൽ ശബരിമല വരുമാനംകൊണ്ട് നിലനിൽക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള ആയിരത്തി ഇരുന്നൂറോളം ക്ഷേത്രങ്ങളും ബോർഡിനുകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രതിസന്ധിയിലാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിൽനിന്നും പിൻവാങ്ങുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ